# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം :- ആ.വ.ഡ – ജീവനക്കാര്യം - പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനുശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. ഉത്തരവ് ഇ.എ3-2863/20/ആ.വ.ഡ തീയതി 16.01.20

2. ഡോ.നിതിൻ.സി.എം സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം.ഇഎ3-2863/20/ ആ.വ. ഡ തീയതി 04.06.2021**

ഡോ.നിതിൻ.സി.എം, ചിറ്റാടിമംഗലത്ത്, രാമനാട്ടുകര, കോഴിക്കോട് കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം(1) പ്രകാരം നിയമ ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 26.05.2021 തീയതി വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ പ്രവേശന കാലാവധി അവസാനിച്ചതിനാൽ പരാമർശം(2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ.നിതിൻ.സി.എം നെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പ്രാഥമികാരോഗ്യകേന്ദ്രം വള്ളിത്തോട്, കണ്ണൂരിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 11.06.2021 തീയതിയ്ക്കകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ജില്ലാ മെഡിക്കൽ ഓഫീസർ മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുമ്പാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

(ഒപ്പ്)

**ഡോ.രമേഷ്.ആർ**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ.നിതിൻ.സി.എം,
ചിറ്റാടിമംഗലത്ത്,
രാമനാട്ടുകര,
കോഴിക്കോട്

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം),കണ്ണൂർ(ഡോ.നിതിൻ.സി.എം ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ(എ&ഇ)തിരുവനന്തപുരം.
3. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വള്ളിത്തോട്, കണ്ണൂർ( ടിയാളുടെ സേവനവിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്.
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പി.ആർ/4/6